ഫയർ സ്റ്റേഷനുകൾ

* 294 [353] ശ്രീ. എം. കെ. കേശവൻ :
,, വി. കെ. രാജൻ :
,, കെ. ഇ. ഇസ്മയിൽ :
,, കെ. വി. പ്രഭാകരൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകളുണ്ട് ;

(ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ പദ്ധതി ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ഡി) അഗ്നിശമനസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) 34.

(ബി, സി) സാമ്പത്തികസ്ഥിതിയും ആവശ്യകതയും അനുസരിച്ച് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്.

(ഡി) കൂടുതൽ ഫയർസ്റ്റേഷനുകൾ തുടങ്ങുവാനും ആധുനിക അഗ്നിശമന ഉപകരണങ്ങൾ വാങ്ങുവാനും, അഗ്നിശമന സേനാംഗങ്ങൾക്ക് മെച്ചപ്പെട്ട പരിശീലനവും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിലവിവരപട്ടിക പ്രദർശിപ്പിക്കാതിരുന്നതിനെടുത്ത നടപടി

* 295 [354] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യസാധന വിലനിയന്ത്രണനിയമം അനുസരിച്ച് വിലവിവരപട്ടിക എഴുതി വയ്ക്കാതിരുന്നതിന് കഴിഞ്ഞ ഒരു വർഷത്തിൽ എത്ര കട ഉടമകളുടെമേൽ നടപടി എടുത്തിട്ടുണ്ട് ;

(ബി) സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർ വ്യാപാരശാലകൾ കൃത്യമായി പരിശോധിക്കുന്നുണ്ടോ എന്നും തങ്ങളുടെ അധികാരം നിഷ്കർഷമായി വിനിയോഗിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തുവാൻ എന്ത് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത് ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) വിലവിവരപട്ടിക പ്രദർശിപ്പിക്കാതിരുന്നതിന് കഴിഞ്ഞ വർഷം 64 കട ഉടമകളുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്.

(ബി) സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർ ഓരോ മാസവും നിശ്ചിത കടകൾ പരിശോധിക്കണമെന്ന് പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവരെ ഏൽപ്പിച്ചിട്ടുള്ള ജോലികൾ കൃത്യമായി ചെയ്യുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് അവർ ചെയ്യുന്ന ജോലികളെ സംബന്ധിച്ച് ഓരോ മാസവും അവലോകനം നടത്തി വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly